കടലിലും കായലിലും നിക്ഷേപിച്ചിട്ടുള്ള മത്സ്യങ്ങൾ

19 (*427) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടലിലും കായലിലുമായി എത്ര ലക്ഷം രൂപയുടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട് ;

(ബി) ഇതിൽ നിന്നും എത്ര ലക്ഷം രൂപയുടെ മത്സ്യസമ്പത്ത് കൂടുതലായി ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുമുമ്പ് ഇത് ആരെല്ലാമാണ് പരിശോധിക്കുന്നത് ;

(ഡി) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന കാര്യത്തിൽ അഴിമതിയും കൃത്രിമവും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) :

(എ) കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടില്ല. അഴിമുഖങ്ങളിലും പൊഴികളിലുമായി 46,59,600 രൂപയുടെ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) ഏകദേശം 5 കോടിയിലധികം രൂപയുടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയെ സംബന്ധിച്ച പഠനം

20 (*428) ശ്രീ. പി. ജെ. ജോയി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ കടബാദ്ധ്യതയെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly